# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3609 20.10.2016 ൽ മറുപടിക്ക്**

**ടോൾബൂത്തുകളിലെ പിരിവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം റോഡുകളിലെ ടോൾബൂത്തുകളിലെ പിരിവ് അവസാനിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ടോൾ പിരിവ് നടത്തി വന്നിരുന്ന തൃപ്പൂണിത്തുറ മിനി ബൈപ്പാസിലെ തട്ടപ്പള്ളി- കാട്ടുപുഴ പാലത്തിന്റെ ടോൾ പിരിവ് 24.09.2016 തീയതിയിലെ സ.ഉ(സാധാ) നം.1308/2016/പൊ.മ.വ പ്രകാരം 24.09.2016 അർദ്ധരാത്രി മുതൽ നിർത്തലാക്കിയിട്ടുണ്ട്.<br>ദേശീയപാത തിരുവനന്തപുരം ബൈപ്പാസിലെ ആക്കുളം പാലത്തിന്റെ ടോൾപിരിവ് 08.09.2016 നും, ദേശീയപാത 17ൽ കി.മീ 431/500 ലെ വരാപ്പുഴ പാലത്തിന്റെ ടോൾപിരിവ് 08.09.2016 നും, ദേശീയപാത 47 എ -ൽ കി.മീ 5/800 ലെ കുണ്ടന്നൂർ പാലത്തിന്റെ ടോൾ പിരിവ് 01.07.2016 നും, കണ്ണൂർ ജില്ലയിലെ പടന്നക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ ടോൾപിരിവ് 08.10.2016 നും അവസാനിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) എത്ര നാളുകളായി പ്രസ്തുത ടോൾബൂത്തുകളിൽ പിരിവ് നടന്നിരുന്നു; | ബി) തട്ടപ്പള്ളി - കാട്ടുപുഴ പാലത്തിന്റെ ടോൾ - 01.10.2012 മുതൽ 24.09.2016 വരെ.<br>ആക്കളം ടോൾ - 25.02.2004 മുതൽ 08.09.16 വരെ<br>വരാപ്പുഴ ടോൾ - 16.01.2001 മുതൽ 08.09.2016 വരെ<br>കണ്ടന്നൂർ - 04.01.2000 മുതൽ 01.07.2016 വരെ<br>പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ് - 27.09.2012 മുതൽ 08.10.2016 വരെ |
| സി) കാലാവധി കഴിഞ്ഞിട്ടും ടോൾപിരിവ് നടക്കുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളിലെ ടോൾ പിരിവ് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കുമോ? | സി) പൊതുമരാമത്ത് വകുപ്പിന്റെ അധികാര പരിധിയിലുള്ള ഒരു പാലത്തിലും കാലാവധി കഴിഞ്ഞ ശേഷം ടോൾ പിരിവ് നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ